ഭരണഭാഷ — മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യലയം
തദ്ദേശസ്വയം ഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാംനില
പബ്ലിക് ഓഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം

Phone : 0471-2324951
0471-2325071
TeleFAX: 0471-2324951
email: celsgd@gmail.com
website: www.celsgd.kerala.gov.in

നം. ഇ.9/1136/2017/സിഇ/എൽ.എസ്.ജി.ഡി

തീയതി 16.10.2019

# സർക്കുലർ

വിഷയം:- തസ്വഭവ - (സാങ്കേതിക വിഭാഗം) - ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലറേഷൻ, സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷൻ, പി .എസ്.സി സർവ്വീസ് വെരിഫിക്കേഷൻ പോലീസ് വെരിഫിക്കേഷൻ എന്നിവയുള്ള പ്രൊപ്പോസലുകൾ സമയബന്ധിതമായി സമർപ്പിക്കുന്നത് സംബന്ധിച്ച്

ഈ വകുപ്പിലെ ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലറേഷൻ, സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷൻ, പി.എസ്.സി / സർവ്വീസ് വെരിഫിക്കേഷൻ, പോലീസ് വെരിഫിക്കേഷൻ എന്നിവയുടെ പ്രൊപ്പോസലുകൾ സമയബന്ധിതമായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിക്കാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സാഹചര്യത്തിൽ പി.എസ്.സി വെരിഫിക്കേഷൻ, പോലീസ് വെരിഫിക്കേഷൻ എന്നിവയുടെ പ്രൊപ്പോസൽ ജീവനക്കാർ ജോലിയിൽ പ്രവേശിച്ച് 30 ദിവസത്തിനുള്ളിൽ നിയന്ത്രണാധികാരി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. പി.എസ്.സി വെരിഫിക്കേഷൻ നടത്തുന്നതിനായി ജീവനക്കാരുടെ രേഖകൾ അയച്ചുതരുന്നത് കർശനമായും നിയമന ശിപാർശാ ക്രമത്തിലാകണമെന്നും രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കുമ്പോൾ അവ പൂർണ്ണവും വ്യക്തതയും ഉള്ളതായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ് എന്നും നിർദ്ദേശിക്കുന്നു. ജോലിയിൽ പ്രവേശിച്ച തീയതി കൃത്യമായും രേഖപ്പെടുത്തിയിട്ടുള്ള സേവനപുസ്തകത്തിലെ ബന്ധപ്പെട്ട പേജിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് തന്നെ ലഭ്യമാക്കേണ്ടതാണ്. പ്രൊബേഷൻ / സമയബന്ധിത ഹയർ ഗ്രേഡിനുള്ള പ്രൊപ്പോസൽ കാലാവധി പൂർത്തിയാക്കി ഒരു മാസത്തിനുള്ളിലും ബന്ധപ്പെട്ട നിയന്ത്രണ അധികാരി (ഡി.ഡി.ഒ) മുഖേന ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട നിയന്ത്രണ അധികാരികൾ പ്രസ്തുത പ്രൊപ്പോസലിന്റെ സാധുത സേവനപുസ്തകം പരിശോധിച്ച് അവധി / സർവ്വീസ് വെരിഫിക്കേഷൻ തുടങ്ങിയവയുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അവധി സംബന്ധിച്ചുള്ള വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയതിന് ശേഷം മാത്രമേ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിക്കാൻപാടുള്ളൂ. പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനായുള്ള Work & Conduct സർട്ടിഫിക്കറ്റിലും സമയബന്ധിത ഹയർ ഗ്രേഡിനുള്ള ഡിക്ലറേഷനിലും തീയതിയും ഒപ്പും, മേലൊപ്പും, സീലും നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ അതാത് നിയന്ത്രണ അധികാരികൾ അതീവ ശ്രദ്ധ ചെലുത്തണമെന്നും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

ചീഫ് എഞ്ചിനീയർ